# പതിമൂന്നാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1958** — **17.03.2015-ലെ മറുപടിക്ക്**

### കൃഷ്ണകുമാർ നൽകിയ പരാതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി.എ. റഹീം** | | **ശ്രീ. രമേശ് ചെന്നിത്തല** (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | കോഴിക്കോട് ചെറുവണ്ണൂർ സർക്കിൾ ഇൻസ്പെക്ടർ ഓഫീസിൽ കൃഷ്ണകുമാർ എം., കൺവീനർ, ആക്ഷൻ കമ്മിറ്റി എന്ന പേരിൽ 21.2.2015-ന് ഒരു പരാതി ലഭിച്ചിട്ടുണ്ടോ; | (എ) | പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) | പരാതിയിന്മേൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എഫ്.ഐ.ആറിന്റെ കോപ്പി ലഭ്യമാക്കാമോ; | (ബി) | ടി പരാതിയിന്മേൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ല. പന്തീരങ്കാവ് അറപ്പുഴ സ്കൂളിലെ ആറാം ക്ലാസ് വിദ്യാർത്ഥിനിയെ ലൈംഗികമായി പീഡിപ്പിച്ചതിന് 24.01.2015 ാം തീയ്യതി നല്ലളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 77/15 എന്ന കേസ്സിലെ അറസ്റ്റ് ചെയ്യപ്പെടാത്ത മൂന്നാം പ്രതിയെ അറസ്റ്റ് ചെയ്യണം എന്നും പ്രതികൾക്ക് മാതൃകാപരമായി ശിക്ഷ വാങ്ങിക്കൊടുക്കണം എന്നുമാണ് പരാതി. ആയതിനാൽ ടി പരാതിയിൽ പ്രത്യേകം കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |
| (സി) | ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ? | (സി) | മേൽ വിവരിച്ചതായ കേസ്സിലെ പ്രതികളിൽ ഒന്നും രണ്ടും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും മൂന്നാം പ്രതി 10.02.2015 ാം തീയ്യതി ബഹു. കോടതി മുമ്പാകെ കീഴടങ്ങിയിട്ടുള്ളതും 3 പ്രതികളെയും ബഹു. കോടതി റിമാന്റിൽ പാർപ്പിച്ചിട്ടുള്ളതുമാണ്. കേസ് കൂടുതൽ ജാഗ്രതയോടെ അന്വേഷണം നടത്തി പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ച്, പരമാവധി ശിക്ഷ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ